ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 24.02.2026

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മഹാരാഷ്ട്ര, ഝാർഖണ്ഡ്, രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും.

2. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ദേശീയ വട്ടമേശ സമ്മേളനത്തിന് തുടക്കമായി. ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണ് കുറ്റമറ്റ വോട്ടർ പട്ടികയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

3. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ഇന്നും പ്രതിപക്ഷ ബഹിഷ്കരണം.

4. സംസ്ഥാനത്ത് ലൈഫ് മിഷനിലൂടെ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

5. കോഴിക്കോട് വലിയങ്ങാടി അപകടത്തിനിരയായവർക്ക് നഗരസഭ ധനസഹായം പ്രഖ്യാപിച്ചു. അപകടം അന്വേഷിക്കുമെന്ന് മേയർ.

6. ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇംഗ്ലണ്ട് ഇന്ന് പാകിസ്ഥാനെ നേരിടും.

*************************

RNU TVPM

## രാഷ്ട്രപതി - സന്ദർശനം

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ മഹാരാഷ്ട്ര, ഝാർഖണ്ഡ്, രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും. മുംബൈ പി ഡി ഹിന്ദുജ ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ ജീവൻ രക്ഷയിലൂടെ ആരോഗ്യകരമായ ഭാരതം എന്ന ദേശവ്യാപക പ്രചാരണ യജ്ഞത്തിന് ശ്രീമതി മുർമു ഇന്ന് തുടക്കം കുറിക്കും. നാളെ ബുൽധാനയിലും നാഗ്പൂരിലും വ്യാഴാഴ്ച ജംഷഡ്പൂരിലും സംഘടിപ്പിക്കുന്ന പൊതുപരിപാടികളിലും രാഷ്ട്രപതി പങ്കെടുക്കും.

**************************

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ദേശീയ വട്ടമേശ സമ്മേളനത്തിന് തുടക്കമായി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേശ് കുമാറിൻറെ അധ്യക്ഷതയിലാണ് യോഗം നടക്കുന്നത്. ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണ് കുറ്റമറ്റ വോട്ടർ പട്ടികയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു. 12 ൽ 11 സംസ്ഥാനങ്ങളിലും എസ്.ഐ.ആറിൻറെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതായും ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബിർ സിങ് സന്ധു, വിവേക് ജോഷി തുടങ്ങിയവരും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്ക് വേണ്ടി സമ്മേളനം സംഘടിപ്പിക്കുന്നത്.

**************************

RNU TVPM

## നിയമസഭ (ഇൻട്രോ)

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. നിയമസഭാ സമ്മേളനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയം പ്രതിപക്ഷത്തിൻറെ അഭാവത്തിൽ സഭ അംഗീകരിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

**************************

## നയപ്രഖ്യാപനം

മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം അതേ രീതിയിൽ അംഗീകരിക്കുകയാണ് നിയമസഭയുടെ കീഴ്വഴക്കമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ഇത് സംബന്ധിച്ച് ഗവർണർ സ്പീക്കർക്ക് നൽകിയ കത്ത് സഭ ചർച്ച ചെയ്യണമെന്ന ആവശ്യം മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സഭ നിരാകരിച്ചു.

RNUTVPM

**************************

## ലൈഫ് മിഷൻ

സംസ്ഥാനത്ത് ലൈഫ് മിഷനിലൂടെ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് നാലിന് തിരുവനന്തപുരം പൂജപ്പുര മൈതാനത്ത് ചേരുന്ന പൊതുസമ്മേളനത്തിൽ മന്ത്രി എം ബി രാജേഷ് അധ്യക്ഷനാകും. 2017 മെയ് 23-ന് പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിൽ

ഇതുവരെ 6 ലക്ഷത്തി 4,000 വീടുകളാണ് അനുവദിച്ചത്. ഇതിൽ അഞ്ചു ലക്ഷത്തിൽ 364 വീടുകളുടെ പണി പൂർത്തീകരിച്ചു.

**************************

## കോഴിക്കോട് വലിയങ്ങാട്

കോഴിക്കോട് വലിയങ്ങാടിയിൽ കെട്ടിടത്തിൻറെ സ്ലാബ് തകർന്ന് മരിച്ച നാല് പേരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നൽകുമെന്ന് മേയർ ഒ. സദാശിവൻ അറിയിച്ചു. പരിക്കേറ്റയാൾക്ക് 50,000 രൂപയും മേയർ ഫണ്ടിൽ നിന്നും അടിയന്തര സഹായധനം നൽകും. അപകടം കോർപ്പറേഷൻ അന്വേഷിക്കും. മരിച്ചവരുടെ കുടുംബത്തിന് സർക്കാർ സഹായം അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അപകടം നടന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോട് ഒഴിയാൻ നഗരസഭ നോട്ടീസ് നൽകി. കെട്ടിടത്തിന്റെ അപകടാവസ്ഥ ചൂണ്ടിക്കാട്ടിയാണ് അധികൃതർ നോട്ടീസ് പതിച്ചത്. നഗരത്തിൽ കാലപഴക്കം ചെന്നതും പുനർനിർമ്മിക്കാൻ തീരുമാനിച്ചതുമായ എല്ലാ കെട്ടിടങ്ങളിലും എൻജിനീയറിംഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുമെന്നും മേയർ അറിയിച്ചു. സംഭവത്തിലെ നഗരസഭാ അനാസ്ഥക്ക് എതിരെ ബിജെപിയും യു.ഡി.എഫ് കൗൺസിലർമാരും കോർപ്പറേഷന് മുന്നിൽ പ്രതിഷേധിച്ചു.

RIUTVPM

**************************

## റവന്യൂ അവാർഡ് വിതരണം

സംസ്ഥാന റവന്യൂ അവാർഡ് വിതരണം ഇന്ന് വൈകീട്ട് തിരുവനന്തപുരത്ത് സ്പീക്കർ എ.എൻ ഷംസീർ നിർവഹിക്കും. മികച്ച ജില്ലാ കളക്ടർക്കുള്ള അവാർഡ് തൃശ്ശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന് സമ്മാനിക്കും. മികച്ച ഡെപ്യൂട്ടി കളക്ടർ പി.എ.വിഭൂഷണനും മികച്ച സ്പെഷ്യൽ തഹസിൽദാർ

ടി.ജി ബിന്ദുവും അവാർഡ് ഏറ്റുവാങ്ങും.

*************************

## മൃതദേഹം കണ്ടെത്തി

പത്തനംത്തിട്ട പമ്പയാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടു പ്ലസ് ടു വിദ്യാർത്ഥികളുടെ മൃതദേഹം കണ്ടെത്തി. ക്രിസ് ബിജു, ജോഷിൻ ബിനു എന്നിവരുടെ മൃതദേഹമാണ് കണ്ടെത്തിയത്. ഇരുവരും മൈലപ്ര മൗണ്ട് ബഥനി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥികളാണ്. സുഹൃത്തിന്റെ വീട്ടിലെത്തിയ വിദ്യാർത്ഥികൾ ഇന്നലെ വൈകുന്നേരം പത്തനംതിട്ട റാന്നി ഐത്തലയിലെ കളരിക്കൽ കടവിൽ കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെടുകയായിരുന്നു.

*************************

RNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*************************

## പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ ഏഴാം വാർഷികം ഇന്ന്. രാജ്യത്തെ കർഷകരുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് 2019-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. പ്രതിവർഷം മൂന്ന് തവണകളായി 6,000 രൂപ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതാണ് ഈ പദ്ധതി.

*************************

## നിർഭയ- നിഷ പദ്ധതി

കേരള പോലീസിൻറെ സ്ത്രീ സുരക്ഷയ്ക്കായുള്ള നിർഭയ നിശ പദ്ധതിക്ക് ഇന്ന് തുടക്കം. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിച്ച് യാത്രചെയ്യുമ്പോൾ സ്ത്രീകൾ നേരിടേണ്ടി വരുന്ന സുരക്ഷാ വെല്ലുവിളികൾക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.

*************************

## ആശ്രാമം മൈതാനം (ഇൻട്രോ)

PNU TVPM

മാലിന്യമുക്ത കേരളമെന്ന് പ്രഖ്യാപിച്ചെങ്കിലും പ്രദർശന-വിപണനമേളകൾക്ക് മോടികൂട്ടാൻ അജൈവ മാലിന്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുന്നതിന് മാറ്റം വന്നിട്ടില്ല. സംസ്ഥാന ക്ഷീര വികസന വകുപ്പ് ജനുവരിയിൽ കൊല്ലം ആശ്രാമം മൈതാനത്ത് സംഘടിപ്പിച്ച സംഗമത്തിന് ഉപയോഗിച്ച ഇത്തരം വസ്തുക്കൾ പരിസ്ഥിതിക്കും പ്രദേശവാസികൾക്കും ഭീഷണിയാകുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാപ്രതിനിധി നീരജ് ലാൽ.......**

(വോയ്സ്)

*************************

## കെ ജി എം ഒ എ

തിരുവനന്തപുരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാതശിശു മരിച്ച സംഭവത്തെ തുടർന്നുണ്ടായ അക്രമ സംഭവങ്ങളിൽ പ്രതിഷേധിച്ച് ജില്ലയിലെ സർക്കാർ ഡോക്ടർമാർ കൂട്ട അവധിയെടുത്ത് പ്രതിഷേധിക്കുന്നു. അക്രമത്തിന് പിന്നിൽ

പ്രവർത്തിച്ചവരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് കെ ജി എം ഒ എ. ആവശ്യപ്പെട്ടു.

**************************

## തമിഴ്നാട്ടിൽ തീവ്ര വോട്ടർ പട്ടിക

തമിഴ്നാട്ടിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 5 കോടി 67 ലക്ഷം സമ്മതിദായകർ പട്ടികയിൽ ഉൾപ്പെട്ടു. നേരത്തെ 6 കോടി 41 ലക്ഷം പേരാണ് പട്ടികയിൽ ഉണ്ടായിരുന്നത്.

**************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ട്. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാവുന്നതാണ്.

RNU TVPM

**************************

## ടി–20 ക്രിക്കറ്റ്

ടി–20 ക്രിക്കറ്റ് ലോകകപ്പിൽ സൂപ്പർ -8 ഗ്രൂപ്പ് 2 മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ന് പാകിസ്ഥാനെ നേരിടും. ശ്രീലങ്കയിൽ രാത്രി ഏഴിനാണ് മത്സരം.

**************************

## വനിത ക്രിക്കറ്റ്

ഇന്ത്യ - ഓസ്‌ട്രേലിയ വനിത ക്രിക്കറ്റ് ഏകദിന പരമ്പരയ്ക്ക് തുടക്കം. ബ്രിസ്ബെയ്നിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 8 വിക്കറ്റ് നഷ്ടത്തിൽ 196 റൺ എടുത്തിട്ടുണ്ട്.

**************************

## നഗരസഭ - ബജറ്റ്

തിരുവനന്തപുരം നഗരസഭയുടെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഡപ്യൂട്ടി മേയർ ആശാ നാഥ് ബജറ്റ് അവതരിപ്പിച്ചു. ബിജെപി ഭരണസമിതിയുടെ കന്നി ബജറ്റാണിത്. തിരുവനന്തപുരം നഗരസഭയുടെ സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിനുള്ള വിപുലമായ പരിപാടികൾ അവതരിപ്പിക്കുമെന്ന് ആമുഖ ഭാഷണം നടത്തിയ മേയർ വി.വി രാജേഷ് പറഞ്ഞു.

RNU TVPM

**************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 870 പോയിന്റ് നഷ്ടത്തിൽ 82,421 ലും, നിഫ്റ്റി 245 പോയിന്റ് ഇടിഞ്ഞ് 25,467 ലും വ്യാപാരം തുടരുന്നു. സ്വർണ വില‌യിൽ വർദ്ധന.

**************************************************************************************

**************************